# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *112 — 05.03.2018 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലകളുടെ പരീക്ഷകളും ഫലപ്രഖ്യാപനവും കൃത്യതയോടെ നടത്തുന്നതിന് നടപടി**

*ചോദ്യം*

ശ്രീ.കെ. കൃഷ്ണൻകുട്ടി
,, സി.കെ.നാണു
,, കോവൂർ കുഞ്ഞുമോൻ
,, കെ. ബി. ഗണേഷ് കുമാർ :

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രവേശനം മുതൽ പരീക്ഷവരെയുള്ള പ്രവർത്തനം സംബന്ധിച്ച കലണ്ടർ പ്രസിദ്ധീകരിക്കാറുണ്ടോ;ഇതിന് ഏകീകൃത സ്വഭാവമുണ്ടോ; | (എ) | പ്രവേശനം മുതൽ പരീക്ഷവരെയുള്ള അക്കാദമിക് പ്രവർത്തനങ്ങൾ മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കലണ്ടർ ബന്ധപ്പെട്ട സർവ്വകലാശാലകൾ എല്ലാ വർഷവും പ്രസിദ്ധീകരിക്കാറുണ്ട്. ഇതിന് ഏകീകൃത സ്വഭാവമില്ല |
| (ബി) | പ്രവേശനവും പരീക്ഷകളും യഥാസമയം നടത്താത്തതു കാരണം കേരളത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും ഉപരിപഠനത്തിനും ജോലി ലഭ്യതയ്ക്കും തടസ്സങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. |
| (സി) | സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനവും ബിരുദ സർട്ടിഫിക്കറ്റുകളുടെ വിതരണവും അനന്തമായി നീളുന്നത് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക ഉണ്ടാക്കിയിട്ടുള്ളത് | | |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ഇത് പരിഹരിക്കുന്നതിന് പരീക്ഷകളും ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും കൃത്യതയോടെ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സർവ്വകലാശാലകൾ മുൻകൂട്ടി അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതിനും നിശ്ചയിച്ച പ്രകാരം പരീക്ഷകൾ ഷെഡ്യൂൾ ചെയ്യുന്നതിനും ഇതിനോടകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പൂർണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ പരാതികൾക്കും ശാശ്വതപരിഹാരം കാണാനാകുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**